# പാർപ്പിടങ്ങളുടെ പ്രശ്നം

**ഡോ. കെ. ഭാസ്കരൻനായർ**

ഇന്ത്യയുടെ വ്യവസായവൽക്കരണവും ആധുനികവൽക്കരണവും ജനങ്ങളുടെ ജീവിതത്തിന്റെ സമൂഹവൽക്കരണവും ചിറകുവച്ച് പുരോഗമിക്കുന്ന കാലമാണിത്. ഇതിൽ എല്ലാവരും, രാഷ്ട്രീയനേതാക്കന്മാർ വിശേഷിച്ചും, അഭിമാനിക്കുകയും അപാരമായ സംതൃപ്തി അനുഭവിക്കുകയും ചെയ്യുന്നു. പക്ഷേ എനിക്ക് ഈ പരിവർത്തനങ്ങളിൽ അനല്പമായ അസ്വാസ്ഥ്യവും ഉൽക്കണ്ഠയും ഉണ്ടാകുന്നുണ്ട്. വ്യവസായങ്ങൾ ഉണ്ടാകരുതെന്നും, ഇന്ത്യ ഒരു ആധുനികരാജ്യം ആകരുതെന്നും അഭിപ്രായമുള്ളതുകൊണ്ടല്ല. ശൈഥില്യമുള്ളതും സ്വതന്ത്രവുമായ സ്വകാര്യ ജീവിതം അസാധ്യമായിത്തീരുന്ന സ്ഥിതിവിശേഷം ഈ പരിവർത്തനങ്ങളോടൊപ്പം നിലവിൽ വരുന്നതുകൊണ്ടാണ്. ഭൂമിയിലെ വൻനഗരങ്ങളെല്ലാം ശപിക്കപ്പെട്ടു കഴിഞ്ഞു എന്നും ആരു വിചാരിച്ചാലും അവയെ രക്ഷിക്കുവാൻ സാധിക്കുകയില്ലെന്നും എത്രയോ ചിന്തകന്മാർ അടുത്ത കാലത്തു വിധിയെഴുതിയിട്ടുണ്ട്. മുൻപറഞ്ഞ മൂന്നുതരം "കരണ"ങ്ങളുടെയും പരിപാകഫലങ്ങളും നിസ്സഹപ്രതീകങ്ങളുമാണ് ഈ വൻനഗരങ്ങൾ. അവ ശാപഗ്രസ്തമായി ആപത്തിൽ വീഴുന്നത് ദുഃസഹമായ ദുരന്തമാണെങ്കിലും, മനുഷ്യരാശിയിൽ ഭൂരിപക്ഷവും ഈ 'കോൺക്രീറ്റ് നരകങ്ങ'ളിലല്ല ജീവിക്കുന്നതെന്ന് സമാധാനിക്കാവുന്നതാണ്. പക്ഷേ നഗരവാസികളല്ലാത്ത മഹാഭൂരിപക്ഷക്കാരായ ജനങ്ങളുടെ ആവാസസ്ഥാനങ്ങളും ക്ഷയിക്കുകയാണെങ്കിൽ ഭവനജീവിതം ദുരിതപൂർണ്ണമാകും. നിർഭാഗ്യവശാൽ അതിന്റെ ലക്ഷണങ്ങളും കണ്ടു തുടങ്ങിയിരിക്കുകയാണ്.

പതുക്കെപ്പതുക്കെ ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഈ മഹാവിപത്തിന്റെ മൂലകാരണം ഭൂമിക്കു താങ്ങുവാൻ കഴിയാത്ത ജനപ്പെരുപ്പമാണ്. നമ്മുടെ മാതൃഭൂമിയായ ഇന്ത്യയാണ് ഈ ഘോരദുരിതം അതിന്റെ പ്രത്യക്ഷരൂപത്തിൽ അനുഭവിക്കാൻ പോകുന്നത്. ഈ ലോകം പ്രളയത്തിൽ നശിക്കുമെന്ന് നമ്മുടെ പുരാണങ്ങൾ പറയുന്നു. അതു സംഭവിക്കുമെന്നു തന്നെ ഭയപ്പെടേണ്ടിയിരിക്കുന്നു. അത് പുരാണങ്ങളിൽ പറയുന്ന ജലപ്രളയമല്ല, സാക്ഷാൽ 'ജനപ്രളയം' ആയിരിക്കുമെന്ന വ്യത്യാസമേയുള്ളൂ. മനുഷ്യസന്തതിയുടെ ഈ കൂട്ടപ്പെരുക്കം —അല്ല, വൻകൂട്ടപ്പെരുക്കം (Super exponential growth) അടുത്ത കാലത്തെങ്ങും നിലയ്ക്കുന്നതിന്റെ ലക്ഷണം കാണുന്നില്ല. വർദ്ധനനിരക്ക് രണ്ടരശതമാനത്തിൽ നിന്ന് രണ്ടുശതമാനമായി കുറഞ്ഞാൽ ജനപ്പെരുപ്പം മന്ദീഭവിക്കുകയാണെന്ന് സാംഖ്യാശാസ്ത്രവിദഗ്ദ്ധന്മാർ പറയും. അതിൽനിന്നു കിട്ടുന്നത് കണക്കിന്റെ ഫലസിദ്ധിയിലുള്ള സന്തോഷം മാത്രമാണ്. ആളുകളുടെ ഞെരുക്കം, ജനപ്പെരുപ്പത്തിന്റെ മഹാസങ്കടം, അതുകൊണ്ടൊന്നും കുറയുന്നില്ല. 50 കോടി ജനങ്ങൾ രണ്ടരശതമാനം വീതം വർദ്ധിച്ചാൽ 125 ലക്ഷം ആളുകളാണ് അധികമായി ഉണ്ടാകുന്നത്. പക്ഷേ വർദ്ധനനിരക്ക് രണ്ടുശതമാനമായി മന്ദീഭവിക്കുമ്പോഴേയ്ക്കു് ജനസംഖ്യ 70 കോടി ആയിട്ടുണ്ടാവും. അതിന്റെ രണ്ടുശതമാനം 130 ലക്ഷമാണ്! അപ്പോൾ നിരക്ക് കുറയുന്നെങ്കിലും ഞെരുക്കം കൂടുകയാണ് ചെയ്യുന്നത്. ഇന്ത്യയെക്കാൾ കൂടുതൽ ജനങ്ങളുള്ള രാജ്യം ഒന്നായുള്ളൂ—ചൈന. അവിടെ എൺപതോ എൺപത്തഞ്ചോ കോടി ജനങ്ങളുണ്ടെന്നാണ് പറയുന്നത്. കൃത്യമായ കണക്കുകൾ ലഭ്യമല്ല. പക്ഷേ ചൈനയ്ക്കു് ഇന്ത്യയേക്കാൾ മൂന്നിരട്ടി ഭൂവിസ്തൃതിയുണ്ട്. അവരുടെ



Digitized by Kerala Sahitya Akademi

ജനസംഖ്യ ഇന്നത്തേതിന്റെ ഇരട്ടി ആയാലും ഇവിടത്തെ അത്ര ഞെരുക്കം—ജനസാന്ദ്രത—അവർ അനുഭവിക്കുകയില്ല.

ഇന്ത്യയിൽ വനതലങ്ങൾ വെട്ടിത്തെളിക്കുന്നതിന്റെയും, കൃഷിഭൂമികൾ നികത്തിയെടുത്തു് കെട്ടിടം വയ്ക്കുന്നതിന്റെയും, യാത്രക്കാരും വാഹനങ്ങളും വർദ്ധിക്കുന്നതോടൊപ്പം റോഡുകൾക്കു് വീതി കുറഞ്ഞു വരുന്നതിന്റെയും, ചേരികളും ചാളകളും അർബുദംപോലെ വളരുന്നതിന്റെയും രഹസ്യം ഇതാണു്. നഗരപ്രാന്തങ്ങളിൽ വലിയ പ്രതീക്ഷകളോടെ സമാരംഭിക്കുന്ന പുതിയ ജനവാസകേന്ദ്രങ്ങളും എട്ടുപത്തു വർഷത്തിനുള്ളിൽ ചേരികളുടെ രൂപത്തെ പ്രാപിക്കുന്നതായി നിരീക്ഷകന്മാർ പറയുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അമേരിക്കയിലും യൂറോപ്പിലും 'സബർബിയ' എന്ന പേരിൽ നിലവിൽ വന്ന, നഗരങ്ങൾക്കു വെളിയിലുള്ള, അധിവാസകേന്ദ്രങ്ങൾ പ്രശാന്തരമണീയങ്ങളായ സാക്ഷാൽ ഗന്ധർവ്വലോകങ്ങളായിരുന്നു. ചെളിയും പൊടിയുമില്ലാതെ, വൃക്ഷലതാദികളും പുല്പരപ്പുകളും ഉദ്യാനങ്ങളും നിറഞ്ഞു്, കുപ്പിച്ചില്ലും കുന്തമുനയും തറച്ച കോട്ടമതിലുകളില്ലാതെ, അവയ്ക്കിടയിലൂടെ വളഞ്ഞുപുളഞ്ഞു പോകുന്ന 'ഇടുക്കിടാഞ്ചി' വഴികളില്ലാതെ, സ്വാതന്ത്ര്യത്തിന്റെയും സ്വച്ഛന്ദജീവിതത്തിന്റെയും പ്രതീതി ജനിപ്പിക്കുന്ന, അതിമനോഹരമായ വാസസ്ഥലങ്ങൾ! കൊച്ചുകുട്ടികൾ ആപൽഭീതിയില്ലാതെ അവിടെ സൈക്കിൾ സവാരി ചെയ്യുന്നതും ഓടിക്കളിക്കുന്നതും ഒരിക്കലെങ്കിലുംകണ്ടിട്ടുള്ളവർ രോമാഞ്ചത്തോടുകൂടിമാത്രമേ ആ അനുഭവം അനുസ്മരിക്കുകയുള്ളൂ. മനുഷ്യജീവിതത്തിനു് ഏററവും ഹിതകരമായ ചുററുപാടുകളാണു് അവയെന്നു് ആരും സമ്മതിക്കും. പക്ഷേ ജനപ്പെരുപ്പമില്ലാത്ത പാശ്ചാത്യരാജ്യങ്ങളിലും ശാന്തസുന്ദരങ്ങളായ ഇത്തരം വാസസ്ഥലങ്ങൾ ഇല്ലാതാവുകയാണു്. വിദ്യാഭ്യാസമോ സംസ്കാരമോ ഇല്ലാത്ത പുത്തധനികന്മാരുടെ ഇരച്ചുകയററവും, നഗരപരിഷ്കാരത്തിന്റെ ആളമാരും അറിയാതെയുള്ള നുഴഞ്ഞു കയററവും, ഓരോ കുടുംബത്തിലും രണ്ടും മൂന്നും കാറുകളും, ആവശ്യമുള്ളതും ഇല്ലാത്തതുമായ പലതരം യന്ത്രസാമഗ്രികളും വന്നതുകൊണ്ടുള്ള ബഹളവും, അന്തരീക്ഷമാലിന്യവും, ശുദ്ധജല ദുർഭിക്ഷവും, ഊർജ്ജപ്രതിസന്ധിയും വിലക്കയററവും പണപ്പെരുപ്പവും എല്ലാംകൂടി ഒരു തലമുറക്കാലത്തിനുള്ളിൽ തന്നെ സബർബിയയുടെ സുസ്ഥിതിയെ ഹനിച്ചിരിക്കുന്നു. "ഇതിനാണോ കാലത്തും വൈകുന്നേരവും ഇരുപതും മുപ്പതും മൈൽ കാറോടിച്ചു് ജോലിക്കുപോയി വരേണ്ട പ്രയാസം വലിച്ചു വച്ചതു്?" എന്നു് അവിടത്തെ താമസക്കാർ ചോദിച്ചു തുടങ്ങിയിരിക്കുന്നു.

ഇന്ത്യയിൽ സബർബിയ എന്ന സങ്കല്പം പോലും ഉണ്ടായില്ല. ഇനി ഉണ്ടാകുമെന്നു് പ്രതീക്ഷിക്കുവാനും സാദ്ധ്യമല്ല. നഗരങ്ങളെ അവയുടെ എല്ലാ പ്രയാസങ്ങളോടും ബഹളങ്ങളോടും വൃത്തികേടുകളോടും കൂടി നാലുപാടും വികസിപ്പിക്കുക എന്നപരിപാടിയാണു് നടന്നുകൊണ്ടിരിക്കുന്നതു്. നമ്മുടെ ഈ കൊച്ചുകേരളം ഇപ്പോൾ തന്നെ 15,000 ചതുരശ്രമൈൽ വിസ്താരമുള്ള ഒരു തിരക്കേറിയ പട്ടണമായിതീർന്നിരിക്കുകയാണു്. ഈ പരിവർത്തനം ഇന്ത്യയിൽ മുഴുവനും വരും. 60 കോടിയിൽ അധികമുള്ള ജനങ്ങൾക്കു് എല്ലാവർക്കും പാർപ്പിടങ്ങൾ ഉണ്ടാക്കുന്നതിനുള്ള ധനശേഷിയും വിഭവങ്ങളും ഇല്ലാത്തതുകൊണ്ടു് "ചേരിചേരാരാജ്യ"മെന്നു് വിളിക്കുന്നെങ്കിലും, ചേരികൾ (Slums) നിറഞ്ഞ രാജ്യമായിട്ടല്ലെ ഇന്ത്യ രൂപാന്തരപ്പെടുവാൻ പോകുന്നതെന്നു് ഭയം തോന്നുന്നു. പാർപ്പിടങ്ങളുടെ ഭയാനകമായ ഈ പ്രശ്നത്തിനു് എങ്ങനെ പരിഹാരം കാണാമെന്നു് എല്ലാവരും തലപുകഞ്ഞു് ആലോചിക്കേണ്ട സമയം സമാഗതമായിരിക്കുകയാണു്. ഭക്ഷ്യസാധനങ്ങളും വസ്ത്രവും, വേണ്ടിവന്നാൽ ശുദ്ധജലം പോലും, ഇറക്കുമതി ചെയ്യാം. പക്ഷേ പാർപ്പിടങ്ങൾക്കു് എന്തു ചെയ്യും?



Digitized by Kerala Sahitya Akademi